പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 703 16-07-2012 -ൽ മറുപടിക്ക്

## എൻ.എ.എ.സിയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ ബഷീർ | പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ കോളേജുകൾക്ക് നാഷണൽ അസസ് മെന്റ് ആന്റ് അക്രഡിറ്റേഷൻ കൌൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ; | എ) മൂന്ന് വർഷമായി പ്രവർത്തിക്കുന്നതും അംഗീകൃത യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾ നടത്തുന്നതുമായ സ്ഥാപനങ്ങൾക്ക് നാഷണൽ അസസ് മെന്റ് ആന്റ് അക്രഡിറ്റേഷൻ കൌൺസിലിന്റെ (നാക്) അംഗീകാരത്തിനായി അപേക്ഷിക്കാവുന്നതാണ്. നാക് അംഗീകാരം ലഭിക്കുന്നതിനായി കോളേജുകൾ സെൽഫ് സ്റ്റഡി റിപ്പോർട്ട് കൌൺസിലിന് സമർപ്പിക്കണം. നാക് ടീം ടി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി കോളേജിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നു. ഏഴ് മാനദണ്ഡങ്ങൾക്കായി ആകെ ആയിരം മാർക്കുണ്ട്.<br>1) കരിക്കുലാർ ആസ്പെക്ടസ് 2) ടീച്ചിംഗ് - ലേർണിംഗ് ആൻഡ് ഇവാല്യൂഷേൻ 3) റിസർച്ച് കൺസർട്ടൻസി ആൻഡ് എക്സ്റ്റൻഷൻ 4) ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ലേർണിംഗ് റിസോർസസ് 5)സ്റ്റുഡന്റ് |

| | |
|---|---|
| | സപ്പോർട്ട് ആന്റ് പ്രോഗ്രഷൻ 6) ഗവേർണൻസ് ആൻഡ് ലീഡർഷിപ്പ് 7)ഇന്നവേറ്റീവ് പ്രാക്ടീസസ് എന്നീ മാനദണ്ഡങ്ങൾക്ക വിധേയമായി സ്ഥാപനങ്ങൾക്ക് എ,ബി,സി,ഡി എന്നീ ഗ്രേഡുകൾ നൽകുന്നു. |
| ബി) എൻ.എ.എ.സി.യുടെ അംഗീകാരം ലഭിക്കുന്ന കോളേജുകൾക്ക് ലഭിക്കുന്ന കൂടുതൽ ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വിശദ വിവരം ലഭ്യമാക്കുമോ ; | ബി)നാഷണൽ അസസ് മെന്റ് ആന്റ് അക്രഡിറ്റേഷൻ കൌൺസിലിന്റെ (നാക്) അംഗീകാരം ലഭിക്കുന്ന കോളേജുകൾക്ക് യു.ജി.സി യുടെയും, നാക്കിന്റെയും ധനസഹായം ലഭിക്കുന്നു. പുനരവലോകനം സാധ്യമാക്കി കോളേജുകൾക്ക് ശക്തിയും, ദൌർബല്യങ്ങളും, സൌകര്യങ്ങളും തിരിച്ചറിയാൻ കഴിയുന്നതിലൂടെ ആന്തര ആസൂത്രണത്തിന്റെ വ്യാപ്തിയും വിഭവ വിനിയോഗവും മെച്ചപ്പെടുത്തി നൂതനവും ആധുനികവുമായ അദ്ധ്യാപന സങ്കേതം പ്രയോഗവത്ക്കരിക്കാൻ സഹായിക്കുന്നതിലൂടെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം സമൂഹത്തിന് ലഭ്യമാക്കുന്നു. കൂടാതെ കോളേജിലെ പ്രവർത്തനങ്ങളും കോളേജുകൾ തമ്മിലുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിനും സഹായകമാകുന്നു. |
| സി) സംസ്ഥാനത്താകെ എത്ര സർക്കാർ, എയിഡഡ് കോളേജുകൾക്ക് എൻ.എ.എ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി)സംസ്ഥാനത്താകെ 15 സർക്കാർ കോളേജുകൾക്കും 2 സർക്കാർ ട്രെയിനിംഗ് കോളേജുകൾക്കും 58 എയ്ഡഡ് കോളേജുകൾക്കും എൻ.എ.എ.സിയുടെ അംഗീകാരം ലഭിച്ചു. |

സെക്ഷൻ ഓഫീസർ